**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1066** **27-07-2021 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് താഴ്ന്ന പലിശയ്ക്ക് വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് കേരള ബാങ്ക് മുഖേന താഴ്ന്ന പലിശയ്ക്ക് കാർഷിക വായ്പ ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള ബാങ്ക് മുഖേന 6% പലിശ നിരക്കിൽ കർഷകർക്ക് വായ്പ നൽകി വരുന്നു. കേരള ബാങ്ക് നിലവിൽ വന്നപ്പോൾ ഉണ്ടായ പ്രഖ്യാപനത്തിന്റെ ഭാഗമായി 7% നിരക്കിൽ നൽകി വന്നിരുന്ന വായ്പയാണ് 1% പലിശ കുറവ് ചെയ്ത് 6% നിരക്കിൽ നൽകി വരുന്നത്. |
| (ബി) | താഴ്ന്ന പലിശയ്ക്ക് കാർഷിക വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | സ്വന്തമായി കൃഷി ഭൂമിയുള്ളവർക്കും, പാട്ടകൃഷി ഭൂമിയിൽ കൃഷി ചെയ്തു വരുന്നവർക്കും State Level Technical Committee (SLTC) നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസ് അനുസരിച്ച് കൃഷി ഭൂമിയുള്ള എല്ലാ കർഷകർക്കും വായ്പ ലഭ്യമാണ്. കൂടാതെ കാർഷിക വായ്പകൾക്ക് 3% പലിശ സബ്സിഡിയും ലഭ്യമാണ്. |
| (സി) | പ്രസ്തുത വായ്പക്ക് കർഷകർ നൽകേണ്ട പലിശ എത്രയായിരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3% Prompt Repayment Incentive (PRI) കഴിച്ച് 3% നിരക്കിൽ നിലവിൽ വായ്പ ലഭ്യമാകുന്നു. കൂടാതെ കേരള ബാങ്കിന്റെ ശാഖകൾ മുഖേന നേരിട്ട് കർഷകർക്ക് കിസാൻ മിത്ര എന്ന പേരിൽ 4% നിരക്കിലും കാർഷിക വായ്പ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ